ശാന്തിഗീതം

ഗാനങ്ങൾ

ശാന്തിഗീതം

ഗാനങ്ങൾ

പ്രസാധനം വിതരണം

കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്

തൃശൂർ–2

അച്ചടി, ധന്യാ പ്രിന്റേഴ്സ്

കിഴക്കേ കോട്ട, തൃശൂർ

വില. 1 രൂപ

മലയാളത്തിലെ ഏറ്റവും മികച്ച ശാസ്ത്രഗ്രന്ഥങ്ങൾക്ക് സമീപിക്കുക

കൺവീനർ, പ്രസിദ്ധീകരണസമിതി

30 / 592. പൂങ്കുന്നം, തൃശൂർ. 680002

ജനകീയ വിദ്യാഭ്യാസം

പുള്ളുവൻ പാട്ട്

– ഇയ്യങ്കോട് ശ്രീധരൻ

പുള്ളോളാത്തി –
എന്നുടയ വല്ലഭനേ
എൻ പുരാനേ, പൂമകനേ
നിന്നുടയ പാട്ടു കേൾക്കാൻ
കൊതി തോന്നുന്നു.
നാട്ടുകാർക്ക് വീണമീട്ടി
പാട്ടുപാടി കൊടുക്കുമ്പോഴും
കൂട്ടുകാരിയ്ക്കൊരു പാട്ടു
കേൾക്കുവാൻ പൂതി.

പുള്ളോൻ– (മട്ടുമാറി)
പണ്ടു പണ്ടേ പാട്ടുപാടിത്തെണ്ടിടുന്നോർ നമ്മൾ
കണ്ട കാര്യം നാടുതോറും വീടു തോറും പാടും
സ്വന്തമായി നാട്–നമ്മൾക്കിത്രയും നാളായി
എന്തുകൊണ്ടു നമ്മൾ മരമണ്ടരായെന്നോതാം
(മട്ടുമാറി)
ഈ മഹാരാജ്യം തന്നിൽ
എത്രയോ കാലം മുന്നേ
ഈ മണ്ണിൽ മണമാർന്ന
സംസ്ക്കാരം കിളുർത്തല്ലോ
സിന്ധു നദി തട–
സംസ്കാരത്തിങ്കലന്നു
ബന്ധുര മായൊരു
ജീവിതം തളിർത്തല്ലോ

മേൽക്കോയ്മ കീഴ്ക്കോയ്മ
വേർതിരിവില്ലാതെ
മേൽക്കു മേലേവരും
മുന്നോട്ടു പോയല്ലോ.
പേർഷ്യയിൽ നിന്നു മ—
ദ്ധ്യേഷ്യയിൽ നിന്നപ്പോഴം
ആർഷരായ് ഭാവിച്ചു
ആര്യനാ്മാർ വന്നല്ലോ
കാഴ്ചയിൽ മൊഞ്ചുള്ളോർ
കന്നാലി മേക്കുവോർ
കാട്ടാള വർഗ്ഗമായി
നമ്മളെ ക്കളിയാക്കി
ആദിമ വാസികളം
നമ്മളെയവരന്ന്
ഭൂത ഗണങ്ങളായ്
ആസുര വർഗ്ഗമാക്കി
എത്ര നൂറാണ്ടുകളം
പോരാടി നമ്മളും
ശത്രു പക്ഷത്തിന്റെ
ശക്തി ജയിച്ചുപോയി
വർണ്ണങ്ങളം വന്നുപോയ്
പിന്നീടു ജാതിയായ്
എണ്ണമേറും നമ്മളം
നീച ജാതിക്കാരായി
കിളിമൊഴി പോലുള്ള
ചൊല്ലും ലിപികളും
കള കളം തുള്ളുന്ന
പാട്ടും കളികളും
തെളി നീരു പോലുള്ള
ഗ്രാമീണ ജീവിതം
ഒളി മങ്ങി നാടെങ്ങും

നാലു വർണ്ണങ്ങളായി
ഭൂമിയിൽ ദേവനാം
ബ്രാഹ്മണൻ ചൊല്ലുന്ന
ദേവനാഗരി മാത്രം
നാടിന്റെ നാവായി
പുള്ളോത്തി— (മട്ടുമാറി)
നാട്ടു ഭാഷ ക്കൂട്ടങ്ങളെ
നാവടച്ചു കെട്ടിയിട്ട
കാട്ടു നീതി കേട്ടു കേട്ട്
കരളലിഞ്ഞു
പിന്നെയെന്തു
പിന്നെയെന്തു
സംഭവിച്ചു
ഭാരതത്തിൽ
ഒന്നു നന്നായ് പാടുകെന്റെ
കൂട്ടുകാരാ നീ.
പുള്ളോൻ—
നാടു വെട്ടിപ്പിടിക്കുവാൻ
വന്നുവല്ലോ ഗസനിയും
ഗോറി, ഖിൽ ജി മാരും
പിന്നെ മുകിലന്മാരും
സംസ്കൃതത്തിനൂറ്റം പോയി
ശക്തിയല്ലോ ജയിക്കുന്നു
സർക്കാർ ഭാഷ പേർഷ്യനായി
ഉറുദുവായി
അദ്ധ്വാനത്താൽ പൊറ നാടു
തുടുപ്പിച്ച നാട്ടു മക്ക-
ളപ്പോഴേയ്ക്കു മന്ധകാര-
പ്പുരപ്പിലായി,
അക്ഷരങ്ങം ക്കന്യരായി
വിദ്യ സമ്പത്തുള്ളവർക്കായി

വീത്ത നാഥൻ സമൂഹത്തിൽ
നായകനായി
ജമീന്ദാരായി ജൻമികളായ്
നാടുവാഴി പ്രഭുക്കളായി
ജനങ്ങളോ പൂഴി മണ്ണിൽ
പുഴുക്കളായി.

പുളേളാത്തി — (മട്ടുമാറി)

കാലങ്ങളേറെക്കഴിഞ്ഞു പോയിന്ത്യയിൽ
കാലമാടൻമാരാം വെള്ളക്കാർ വന്നെത്തി
ഡച്ചു പരന്ത്രീസും ഫ്രഞ്ചുമിംഗ്ലീഷും
തച്ചു പഠിപ്പിച്ച കാര്യങ്ങൾ ചൊല്ലുന്നീ

പുളേളാൻ—

വ്യാപാരി സമൂഹമായിന്ത്യയിൽ വന്നെത്തി
കാപാലികൻമാരാ മീസ്റ്റിന്ത്യ കമ്പനിക്കാർ
നാട്ടരചൻമാരെപ്പാട്ടിലാക്കി, ഒടുവിലീ-
നാടുവാഴാൻ ബ്രിട്ടീഷ് സാമ്രാജ്യം നുഴഞ്ഞെത്തി

(മട്ടുമാറി)

രണ്ടു നൂറ്റാണ്ടോളമിന്ത്യ കൂരിരുട്ടിൽ
പതിച്ചല്ലൊ
ദണ്ഡനങ്ങൾ മർദ്ദനങ്ങൾ
തുടർന്നുവല്ലോ,
ഭീഷണിയാൽ ഭരണത്തിൻ ഭാഷമാറി
യാംഗലമായ്
ചൂഷണത്താൽ ജനമാകെ
വലഞ്ഞുവല്ലോ
നാട്ടുഭാഷ ചൊല്ലുവതു നാണക്കേടായ്
കല്പനയായ്
നാടുനീളെ യാംഗലേയം കർശനമാക്കി
മുക്കാലും മുറിയുമായിംഗ്ലീഷു ചൊല്ലായി,
മെക്കാളെ വിദ്യാഭ്യാസംതല കീഴാക്കി

കോട്ടു സൂട്ടും നടപ്പാക്കി
കോപ്പിരാട്ടി വേഷമാക്കി
നാട്ടു മക്കളടിമത്തക്കുരുക്കിലായി
ഉന്നതന്മാർ കുരങ്ങന്മാരെന്ന പോലെ-
സായിപ്പിനെ
മുന്നിൽ നിന്നും പിന്നിൽ നിന്നും
കുമ്പിട്ടു പോന്നു.

പുള്ളോത്തി—

കേട്ടു കേട്ടു മടുത്തുപോയി-
കൂട്ടുകാരാ നിന്റെ പാട്ട്.
നാട്ടുകാരാം നമ്മെ പിന്നെ
സംഘടിച്ചല്ലോ,
സ്വാതന്ത്ര്യ സമരത്താ-
ലിന്ത്യ പിന്നെ മോചിതമായി.
ആയതിൽപ്പിന്നെ വിദ്യാ-
ഭ്യാസ മെന്തായി?

പുള്ളോൻ—

വെള്ളക്കാരൊഴിഞ്ഞു പോയെങ്കിലും വിദ്യാഭ്യാസം
ഉള്ളടക്കം മാറിയില്ല പെൺ കൊടിയാളെ
മഴതോർന്നുവെന്നാലും മരം പെയ്യും-കാഴ്ചയല്ലോ
ജനായത്ത വാഴ്ചയിലും നമ്മെ കാണുന്നു
മനുഷ്യനും മണ്ണുമായി ബന്ധമറ്റ-
വിദ്യാഭ്യാസം.
മയക്കുമരുന്നു പോലെ പടരുന്നല്ലോ!
കൃഷിവലരായ ബഹുഭൂരി പക്ഷം വാഴുമിന്ത്യ
വിഷം ചീറ്റും വിദ്യയാലെ വിളർത്തുവല്ലോ.
കണ്ണടച്ചു നമ്മളിന്നും സായിപ്പിനെ
പൂജിക്കുന്നു.
അന്യമാണു, പെറ്റ നാടിൻ
മൊഴികളിന്നും

അനുദിനമടിമത്തം പെരുകുന്നു–
ആംഗലേയം
പെറുകിടാങ്ങളെ ക്കൂടി
പിടികൂടുന്നു
നാടു നീളെ മുളക്കയായ്
ഇംഗ്ലീഷു മീഡിയങ്ങളം
വാണിമോയി. ചന്തയായി
വിദ്യാലയങ്ങളം
മനുഷ്യരെ പരസ്പര മകറ്റുവാൻ
മതത്തിന്റെ
മതിൽക്കെട്ടിന്നകത്താക്കി
വിദ്യാലയങ്ങളം
ശാസ്ത്ര ബോധം കൈവെടിഞ്ഞി–
ട്ടശാസ്ത്രീയ ചിന്തകളം തൻ–
സൂത്രമല്പൊ കിടാങ്ങളെ
പഠിപ്പിയ്ക്കുന്നു.
ധനികനും, ദരിദ്രനും രണ്ടു തട്ടിൽ വിദ്യ, മണി–
മേടയിലും ചാളയിലും വേറെ വേറെയായ്
ജനായത്ത വാഴ്ചയിലെ ഭരണാധികാരികളം
ജനങ്ങളെ വീണ്ടുമിപ്പോളം തരം തിരിപ്പൂ.
ചാതുർവർണ്ണ്യം പുതുതാകും വർണ്ണ–
ങ്ങളിൽ വരുന്നിതാ
മേധാവി വർഗ്ഗ ജാതർ നവോദയക്കാർ
ഉടുപ്പിലും നടപ്പിലും നെടുവീർപ്പിൽ–
പ്പോലുമേ–
കറുത്തസായിപ്പൻമാരെ കരുപിടിപ്പൂ
ഭരണത്തെത്താങ്ങി നിർത്തും
തൂണുകളാം പാവങ്ങൾക്കു
പെറു പെറു കൂരകളിൽ
നിരങ്ങി നീങ്ങാം
കുടിവെള്ളം ലഭിക്കാത്ത

കുഗ്രാമ കുമാരന്മാർ
വെറും മരത്തണലിലായ്
നിലത്തെഴുത്തും.
ഇരുപതാം നൂറ്റാണ്ടിന്നവസാന-
മിന്ത്യയിൽ
ഇരുകാലിമാടുകളല്ലിരട്ടിയാകും!
നിരക്ഷര ജനതയന്നമ്പതു കോടിയാകും
ഭരിക്കുന്ന മന്ത്രിതന്നെ കണക്കുചൊല്ലി

പുള്ളേളാത്തി
ഇനിയിതു കേൾക്കുവാൻ
എനിയ്ക്കൊട്ടും പൂതിയില്ല
ഇതുമാറ്റാനെന്തുമാർഗ്ഗം.
പറഞ്ഞുതായോ!

പുള്ളോൻ- (മട്ടുമാറി)
ഒരേ ഒരു മാർഗ്ഗമത്രേ
മുന്നിലുള്ളൂ പൂമകളെ
ഒരേ ഒരു വിദ്യാഭ്യാസം.
ജനങ്ങൾക്കെല്ലാം.
പെറ്റനാടിൻ പൈതൃകത്തി-
ലൂന്നി നിൽക്കും വിദ്യാഭ്യാസം
മാറ്റങ്ങൾക്കു വഴങ്ങുമാ-
റുള്ളടക്കവും
ഡാഡി മമ്മി വിദ്യാഭ്യാസം
തുലയട്ടെ ഭൂമിയിലെ
ജീവിതത്തിൻ ഗന്ധമുള്ള
വിദ്യ പൊങ്ങട്ടെ
തൊഴിലുമായി ബന്ധമുള്ള
വിദ്യാഭ്യാസം പെറ്റ നാടിൻ
മൊഴികളിലൂടെ ജന-
കോടി നേടട്ടെ

ഭേ ചിന്താഗതി നീങ്ങി
ഭാരതീയരൊരേയൊരു
മാതാവിൻെറ മക്കളെന്ന
ബോധ മേകട്ടെ
ജനകീയ വിദ്യാഭ്യാസം
ജനകീയ വൽക്കരണം
അതു മാത്ര മതു മാത്രം
മോചന മാർഗ്ഗം

രണ്ടു പേരും ചേർന്ന്—

ജനകീയ വിദ്യാഭ്യാസം ജനകീയവൽക്കരണം
അതുമാത്ര മിനിയുള്ള മോചന മാർഗ്ഗം
രണ്ടും മൂന്നും തട്ടിലിന്ത്യൻ പൗരന്മാരെ
വാർത്തെടുക്കും
തണ്ടു തപ്പിവിദ്യാഭ്യാസം തുലഞ്ഞുപോട്ടെ.
ജനകീയ വിദ്യാഭ്യസ പരിപാടിയുണരട്ടെ
ജനായത്തം ജയിക്കു വാനൊരൊറമാർഗ്ഗം..

ഞങ്ങൾ വരുന്നു

-കുഞ്ഞപ്പ പട്ടാനൂർ
-കരുണാകരൻ പുതുശ്ശേരി

നിങ്ങളുടെ തറകളിൽ, നിങ്ങളുടെ പറകളിൽ
ഞങ്ങളുടെ കൈകളം തുടിക്കുന്നതോർക്കുക.
നിങ്ങളുടെ ചുവരിലും നിങ്ങളുടെ മച്ചിലും
ഞങ്ങളുടെ ശക്തിതൻ ഗർജ്ജനം കേൾക്കുക.

നിങ്ങളുടെ കല്ലിലും നിങ്ങളുടെ മണ്ണിലും
ഞങ്ങളുടെ വേർപ്പിന്റെ പാട്ടുകളം കേൾക്കുക.
നിങ്ങൾക്കു് തീന്നും കുടിയുമൊരുക്കുന്ന
ഞങ്ങൾക്കുമുണ്ടു് വയറെന്നുമോർക്കുക.

നിങ്ങളുടെ നാണവും മാനവും കാക്കുന്ന
ഞങ്ങൾക്കുമുണ്ടഭിമാനമെന്നോർക്കുക.
നിങ്ങളം ചവിട്ടിച്ചതയ്ക്കുന്ന ഞങ്ങടെ
കൺകളും കാതും കിനാവുമെന്നോർക്കുക.

നിങ്ങളം പ്രതാപികളാവുന്നതിൻ പിന്നിൽ
ഞങ്ങളുടെ വീര്യമാണുള്ളതെന്നോർക്കുക.
നിങ്ങളുടെ വണ്ടിയും നിങ്ങളുടെ ഭാരവും
ഞങ്ങളുടെ മെയ്യിലാണുള്ളതെന്നോർക്കുക.

നിങ്ങളുടെ ഫാക്ടറി തുപ്പുന്ന തീപ്പുക
ഞങ്ങളുടെ നെഞ്ചിന്റെ ഊറ്റമെന്നോർക്കുക.
ഞങ്ങൾക്കറിയാം ഇതെല്ലാം പറകിലും
നിങ്ങളം സ്വബോധം നശിച്ചവരെന്നതും

ഇന്നൊരു കാര്യം പറഞ്ഞു നിർത്താം ഞങ്ങളം
നിങ്ങളുടെ മുതലുകളം പൊട്ടിപ്പിളർന്ന
ചേർന്നൊന്നായ്

കരുത്തുറ്റ ബോധമായ് സംഘമായ്
ഞങ്ങളുടെ മക്കളെ കാത്തു സൂക്ഷിക്കുവേൻ

2

കുതിക്കുന്നും കരളിൽപേറി
വരുന്നവർ ഞങ്ങൾ ഞങ്ങൾ
ചുടലക്കാട്ടും നെഞ്ചിൽപേറി
വരുന്നവർ ഞങ്ങൾ ഞങ്ങൾ
പ്രതികാരത്തിൻ ഗീതം പാടി
വരുന്നവർ ഞങ്ങൾ ഞങ്ങൾ
പ്രതിരോധത്തിൻ ഗാഥകൾ പാടി
വരുന്നവർ ഞങ്ങൾ ഞങ്ങൾ
കടലോരക്കോട്ടകളിൽ
പടയേറ്റം കണ്ടവർ ഞങ്ങൾ
കഴുകന്റെ കൊല്ലികളിൽ
കൊടിയേറ്റം കണ്ടവർ ഞങ്ങൾ
മുടി ചൂടിയ മന്നന്മാരിൽ
കിടിലങ്ങൾ നട്ടവർ ഞങ്ങൾ
നെടുനാളായ് നനവും തേടി
നാടോടികളായവർ ഞങ്ങൾ
ഇന്നിപ്പോൾ ഞങ്ങൾ ഒരുങ്ങി
കുമ്പാരക്കുനികളിറങ്ങി
കൊല്ലന്റെ കൊട്ടിലു് താണ്ടി
കടലേന്തും കൊടിമരമായി
ഞങ്ങൾ വരുന്നു.
കഴുകന്റെ കൊടികൾ തകർക്കാൻ
കടലോരക്കോട്ട പിടിക്കാൻ
ഞങ്ങൾ ഒരുങ്ങി വരുന്നു.

■

ശാന്തിഗീതം

വേണ്ടാ ഇനി വേണ്ടാ വേണ്ടാ ഇനി വേണ്ട വേണ്ട
ഹിരോഷിമ
നാഗസാക്കി വേണ്ട വേണ്ട ശാന്തി ഗായകർ നാം

അണ്വയുദ്ധത്തിൽ വിജയികളില്ല
അതിനന്ത്യത്തിൽ ജീവിതവും
വിജയിച്ചവരോ തോറ്റവരോ
ഈ വിറങ്ങലിച്ച കബന്ധങ്ങൾ

ഭീകരനാമീ ഭസ്മാസുരനൊരു
ഘോര തമസ്സായ് പടരുന്നു.
അവനെ കുറിക്കണ മന്ത്യമതിന്നായ്
പടയണി ചേരു സഹോദരരേ
ശാന്തി ഗായകർ നാം.....(3)

അനന്തമാമീ ഗ്രഹമാലയിലൊരു
സുന്ദരഗ്രഹമീ ഭൂമി
ഒരുമിച്ചുയരാം ഒന്നായ് വളരാം
നമുക്കു പ്രിയംകരമീഭൂമി
ഭീകരമാമീ അണ്വാസ്ത്രങ്ങൾ
തകർത്തിടാമിനി ഭൂവിൽ ഭൂവിൽ
ശാശ്വത ശാന്തി പുലർന്നീടാൻ
മാനവതയുയർന്നീടാൻ
ശാന്തിഗായകർ നാം.....(3)

തൈതാരം കുന്നിനുമങ്ങേപ്പുറത്ത്

കെ. കെ. കൃഷ്ണകുമാർ

തൈതാരം കുന്നിനുമങ്ങേപ്പുറത്ത്,
തികതെയ്യും പുഴയുടെ മേലോരത്ത്
കളിർകാറ്റിനു കൂടായി, പച്ചപ്പുതപ്പിട്ട
പൂവുള്ള, കായുള്ള കാടൊന്നുണ്ടേ–
കാടൊന്നുണ്ടേ...കാടൊന്നുണ്ടേ–

കാടിൻറെയുള്ളിലു് കാണാക്കൊമ്പത്തൊ–
രായിരം പൂന്നാരക്കിളികളുണ്ടേ.
ആയിരം പൂന്നാരക്കിളികളുണ്ടേ.

കിളിമക്കളു് കളകളം മണികിലുക്കുമ്പോഴും
കാടിൻറെയുള്ളം തുടിക്കുണ്ടേ...
കാടിൻറെയുള്ളം തുടിക്കുണ്ടേ...

കാടിൻറെയുള്ളിലു്, കരിയിലക്കീഴിലു്
കനിവുള്ള, നനവുള്ള കരിമണ്ണുണ്ടേ...

കരിമണ്ണിനുള്ളം നിറയുന്നനേരുക്കു –
ത്തരുവികളം പൊട്ടിപ്പിറക്കുണ്ടേ
അരുവികളം പൊട്ടിപ്പിറക്കുണ്ടേ...

അരുവികളം, കുഞ്ഞിക്കരുന്നുകളം കൈകോർത്തു
കളകളം പാടിച്ചിരിക്കുണ്ടേ...
കളകളം പാടിച്ചിരിക്കുണ്ടേ...

അരുവികളം, കളകളക്കരുവികളം, മലയോര
പുളകങ്ങളം പുഴകളായു് വളരുന്നുണ്ടേ...
വളരുന്നുണ്ടേ, വളരുന്നുണ്ടേ...

മലവിട്ട, മടിവിട്ട കുതികുതിച്ചെത്തുന്ന
പുഴകണ്ട വിളകളം ചിരിക്കുണ്ടേ
പുഴകണ്ട വിളകളം ചിരിക്കുണ്ടേ...

* * *

കാടിന്റെയുള്ളം കവരുവാനിന്നൊരു
മഴവതാ മലകേറിപ്പോകുന്നുണ്ടേ
മഴവതാ മലകേറിപ്പോകുന്നുണ്ടേ...

കാട്ടാളച്ചിരിയുമായ് ചിന്നം വിളിയുമായ്
മഴവതാ മലകേറിപ്പോകുന്നുണ്ടേ...
മഴവതാ മലകേറിപ്പോകുന്നുണ്ടേ...

ലാഭക്കൊതിയന്റെ മുതുകത്തിരുന്നൊരു
മഴവതാ മലകേറിപ്പോകുന്നുണ്ടേ...
മഴവതാ മലകേറിപ്പോകുന്നുണ്ടേ...

മഴവിൻ കൊലച്ചിരി കേൾക്കുമ്പോൾ കാടിൻ
അകമാകെ ഞെട്ടിത്തിരിക്കുണ്ടേ...
കളക്കളക്കുവികളം കേഴുന്നുണ്ടേ.
പുഴ പാവം പൊട്ടിക്കരയുണ്ടേ
കതിരിന്റെയുള്ളം കരിയുണ്ടേ...

* * *

കാടിന്റെയുള്ളം കവരുവാനെത്തുന്ന
മഴപിടിച്ചാറിൽ വലിച്ചെറിയാൻ
മഴപിടിച്ചെത്തുന്ന ദുഷ്ടരെ വെല്ലുവാൻ
ചെറുകൈകൾ പൊക്കി പ്രതിജ്ഞ ചെയ്യാം.

അക്ഷരം

സി. പി. അബൂബക്കർ.

അക്ഷര മക്ഷരമല്പോനവയുഗ–
രക്ഷതന്നാമന്ത്രനാദം
അജ്ഞതതൻ ഭീതനിശ്ശബ്ദ കാനനം
ഞെട്ടി വിറയ്ക്കുന്ന നാദം
അക്ഷതമാനവ സംസ്കാരഗാഥതൻ
ശക്തി തുടിക്കുന്ന നാദം
മുത്തുകൾ മുത്തുകൾ കൊക്കുരുമ്മു മനു–
രാഗമായൊഴുകുന്ന നാദം [അക്ഷര.....]

പ്രാകൃത ജീവിത സന്ധ്യാനിഴലുകൾ
ചൂഴ്ന്ന താഴ്വാര ഭൂവിൽ
അജ്ഞാതതീരങ്ങൾതേടി നടന്നോർതൻ
അസ്ഥികൾ പൂത്തൊരാ നാളിൽ
മർത്ത്യന്റെ മുന്നിൽ തുറക്കാതെ നിന്നപോൽ
വിശ്വരഹസ്യങ്ങളാകെ
അജ്ഞാതമദ്ഭുതമീമഹാവിശ്വമെ–
ന്നക്ഷരഹീനർകരുതീ [അക്ഷര.....]

ആംഗ്യങ്ങളാലപശബ്ദങ്ങളാൽ ചിത്ര–
വ്യംഗ്യങ്ങളാലടരാടി
പുണ്യാക്ഷരങ്ങൾതൻ വെൺമണി മുത്തുകൾ
മിന്നുന്നചിപ്പികൾ നേടി
അക്ഷരമുത്തുകൾ കോർത്ത വാക്യങ്ങളിൽ

വിശ്വചരിത്രം വിളങ്ങീ
വിശ്വം മനുഷ്യമനസ്സിൻ പ്രിയപ്പെട്ട
കൊച്ചുകളിച്ചെപ്പായ് മാറീ. [അക്ഷര.....]

അക്ഷരമില്ലാത്ത ലോകമതെത്രമേൽ
അർത്ഥമില്ലാത്തതാണെന്നോ
വിശ്വവിജ്ഞാനക്കലവറകളം മഹാ-
ഗ്രന്ഥങ്ങളായീ ലിപികളം
ഹൃത്തിലെ ക്കൊച്ചുരഹസ്യങ്ങളോമന-
സ്വപ്നങ്ങളം തമ്മിലറിയാൻ
അക്ഷരമക്ഷരമല്ലോ മനുഷ്യന്റെ
മുക്തിതന്നാമന്ത്രനാദം [അക്ഷര.....]



ഈ വർഷത്തെ ശാസ്ത്ര സാംസ്കാരിക ജാഥയിലവതരിപ്പിക്കുന്ന ഗാനങ്ങളിൽ ചില താണ് ഇതിലടങ്ങിയിട്ടുള്ളത്.

ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ ഏറ്റവും വലിയ ബഹുജന സമ്പർക്ക പരിപാടികളിലൊന്നാണ് ശാസ്ത്ര സാംസ്ക്കാരിക ജാഥ.

കേരളത്തിലെ സാമൂഹ്യ സാംസ്കാരിക മണ്ഡലങ്ങളിൽ പ്രവർത്തിക്കുന്ന ഒട്ടേറെപേർ ഈ പരിപാടിയുമായി പലതരത്തിലും പല തലത്തിലും സഹകരിച്ചിട്ടുണ്ട്. അവരുടെയെല്ലാം കൂട്ടായ പ്രവർത്തനത്തിന്റെ ഫലമാണ് ശാസ്ത്ര സാംസ്ക്കാരിക ജാഥ—എല്ലാവർക്കും നന്ദി.

കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്

വാങ്ങുക, വായിക്കുക, പ്രചരിപ്പിക്കുക

യുറീക്ക:

അപ്പർ പ്രൈമറി വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള ഇന്ത്യയിലെ ഏക ശാസ്ത്ര മാസിക.

ഒറ്റപ്രതി: വില – 2 രൂപ
വാർഷിക വരിസംഖ്യ – 22 രൂപ

ശാസ്ത്രകേരളം:

ഹൈസ്കൂൾ വിദ്യാർത്ഥികൾക്കു വേണ്ടിയുള്ള ശാസ്ത്രമാസിക

ഒറ്റപ്രതി: വില – 2 രൂപ
വാർഷിക വരിസംഖ്യ – 22 രൂപ

പണമയക്കേണ്ടവിലാസം:

മാനേജിങ്ങ് എഡിറ്റർ
യുറീക്ക / ശാസ്ത്രകേരളം
പരിഷത്ത് ഭവൻ, കൊട്ടാരംറോഡ്
കോഴിക്കോട് 673006

ശാസ്ത്രഗതി:

മലയാളത്തിലെ ഏക പോപ്പുലർ സയൻസ് മാസിക
ഒറ്റപ്രതി: വില – 2 രൂപ
വാർഷിക വരിസംഖ്യ – 22 രൂപ

പണമയക്കേണ്ടവിലാസം:

മാനേജിങ്ങ് എഡിറ്റർ
ശാസ്ത്രഗതി
പരിഷത്ഭവൻ
തിരുവനന്തപുരം 695037